(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) ദേശീയ മനുഷ്യാവകാശ കമ്മീഷൻ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള പദ്ധതികൾ

348(1727) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതമേഖലകളിൽ സാമൂഹ്യനീതി വകുപ്പ് മുഖേനയും സാമൂഹ്യനീതി വകുപ്പിന്റെ കീഴിലെ വിവിധ ഏജൻസികൾ മുഖേനയും നടപ്പിലാക്കിവരുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ;

(ബി) ഓരോ പദ്ധതിയും ആരംഭിച്ചത് എന്ന മുതൽക്കാണെന്ന് വ്യക്തമാക്കുമോ; ഓരോ പദ്ധതിയുടെയും ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കുമോ;

(സി) എൻഡോസൾഫാൻ ദുരിതബാധിതർക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്; ഓരോ പദ്ധതിയും ആരംഭിച്ചത് എന്നാണ്; ഓരോ പദ്ധതിയും ആരംഭിച്ചപ്പോൾ എത്ര ഗുണഭോക്താക്കളാണുണ്ടായിരുന്നത്; ഇപ്പോൾ ഓരോ പദ്ധതിയിലും എത്ര ഗുണഭോക്താക്കളുണ്ട്?

<u>ഉത്തരം</u>

(എ-സി)

1. <u>സ്നേഹസാന്ത്വനം പദ്ധതി</u>

ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1,700 രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2,200 രൂപയും എൻഡോസൾഫാൻ ദുരിതബാധിതരായ മറ്റുള്ളവർക്ക് നൽകുന്ന പ്രതിമാസ ധനസഹായം 1,200 രൂപയും നൽകി വരുന്നു.

2. എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം

LIBRARY ARCHIVES Kerala Legislative Assembly

എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12, 2012-13, 2013-14, 2014-15, 2015-16 അദ്ധ്യയന വർഷത്തിലേക്കുള്ള പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കും 2,000 രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലുള്ളവർക്ക് 3,000 രൂപ വീതവും 11, 12 ക്ലാസ്സുകളിലുള്ളവർക്ക് 4,000 രൂപ വീതവും ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി.

3. സ്നേഷ്യൽ ആശ്വാസകിരണം പദ്ധതികൾ

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പദ്ധതി യാണിത്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്ന ഒരാൾക്ക് സാമൂഹ്യ സുരക്ഷാ മിഷന്റെ സ്നേഷ്യൽ ആശ്വാസകിരണം പദ്ധതിയിലുൾപ്പെടുത്തി പ്രതിമാസം 700 രൂപ നിരക്കിൽ ധനസഹായം വിതരണം ചെയ്യുന്നു.

പ്രസ്തുത പദ്ധതികൾ ആരംഭിച്ച വർഷവും ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർത്തിട്ടുണ്ട് :

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ആരംഭിച്ച വർഷം	പദ്ധതി ആരംഭിച്ചപ്പോഴുള്ള എണ്ണം	ഇപ്പോഴുള്ള ഗുണഭോക്താക്കളുടെ എണ്ണം
1	സ്നേഹസാന്ത്വനം പദ്ധതി	ജൂൺ 2010	533	4738
2	എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം	മേയ് 2011	2563	2370 (2014-15 വർഷം)
3	സ്നേഷ്യൽ ആശ്വാസകിരണം പദ്ധതി	മേയ് 2013	237	882

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻഡോസൾഫാൻ ദുരിത ബാധിതരിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്നതിനായി 2012-13-ൽ 17.87 കോടി രൂപയും 2013-14-ൽ 33.42 കോടി രൂപയും കാസർഗോഡ് കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർ ഉൾപ്പെടുന്ന പഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങുന്നതിന് 71,73,012 രൂപയും അനുവദിച്ചിട്ടുണ്ട്.

കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ

349(1728) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതിവകുപ്പിന് കീഴിൽ കേന്ദ്രസഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത വകുപ്പിൽ ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക വീതം കേന്ദ്രസഹായം ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) അതിൽ ഓരോ പദ്ധതിക്കും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക സംബന്ധിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിനുകീഴിൽ കേന്ദ്രസഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സംയോജിത ശിശുവികസന പദ്ധതി.
2. സംയോജിത ശിശുവികസന ട്രെയിനിംഗ് പദ്ധതി.
3. അനുപൂരക പോഷകാഹാര പദ്ധതി.
4. സബല
5. കിശോരി ശക്തി യോജന
6. ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന
7. ബേട്ടി ബെച്ചാവോ ബേട്ടി പഠാവോ
8. സംയോജിത ശിശു സംരക്ഷണ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly